ആഫീസർ അനുവാദം നൽകുന്നതാണ്. എന്നാൽ ഒരു ഹെക്ടറിന് താഴെ വിസ്തീർണ്ണം ഉള്ള വീട് നിൽക്കുന്ന പുരയിടത്തിൽ നിന്നും മേൽപ്പറഞ്ഞ ഇനം മരങ്ങൾ മുറിക്കുന്നതിന് അനുവാദം ആവശ്യമില്ല.

അപ്രന്റീസ് കാറ്റഗറിയിൽപ്പെട്ട റെയിഞ്ചർമാർക്ക് പ്രൊമോഷൻ

65 (2778) ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1998 ഡിസംബറിന് ശേഷം ഇതുവരെ ഫോറസ്റ്റ് അപ്രന്റീസ് കാറ്റഗറിയിൽപ്പെട്ട എത്ര റെയ്ഞ്ചർമാർക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ കാറ്റഗറിയിൽപ്പെട്ട എത്രപേർ സർവ്വീസിൽ നിന്നും വിരമിച്ചു ;

(സി) 1999 ഒക്ടോബറിന് ശേഷം ഇതുവരെ ഫോറസ്റ്റ് അപ്രന്റീസ് കാറ്റഗറിയിൽപ്പെട്ട എത്ര റെയ്ഞ്ചർമാർക്ക് സ്ഥാനക്കയറ്റം നൽകി ;

(ഡി) ഇവരിൽ എത്രപേർ സർവ്വീസിൽ നിന്നും വിരമിച്ചുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 8 റെയിഞ്ചർമാർ.

(ബി) ഈ കാറ്റഗറിയിൽപ്പെട്ട ആരും തന്നെ സർവ്വീസിൽ നിന്നും വിരമിച്ചിട്ടില്ല.

(സി) 1999 ഒക്ടോബറിന് ശേഷം ഫോറസ്റ്റ് അപ്രന്റീസ് കാറ്റഗറിയിൽപ്പെട്ട ആർക്കും ഇതുവരെ സ്ഥാനക്കയറ്റം നൽകിയിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

നിലമ്പൂർ നോർത്ത് ഫോറസ്റ്റ് ഡിവിഷനിലെ അരിപ്രാകുത്ത് കശുമാവ് തോട്ടം ലേലം ചെയ്ത നടപടി

66 (2779) ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലമ്പൂർ നോർത്ത് ഫോറസ്റ്റ് ഡിവിഷന്റെ കീഴിലുള്ള അരിപ്രാകുത്ത് കശുമാവ് തോട്ടം ലേലം ചെയ്തതിൽ അഴിമതി നടന്നിട്ടുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ കശുമാവ് തോട്ടം ലേലം ചെയ്ത് എടുത്തത് ആരായിരുന്നു ;

(സി) നോർത്ത് ഡി.എഫ്.ഒ. യുടെ കോട്ടയത്തുള്ള ബന്ധുക്കളുടെ പേരിൽ കുറഞ്ഞ തുകയ്ക്ക് ഡി.എഫ്.ഒ. തന്നെ ലേലം ഉറപ്പിച്ചു കൊടുക്കുകയായിരുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly